7/3/22...

3/3/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 2026(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.17292/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 3**

ശ്രീ. പി.ജെ. ആന്റണി,
പുളിക്കൽ വീട്,
കണ്ണമാലി പി.ഒ.,
ഇന്ത്യാ സീ ഫുഡ്സിന് സമീപം,
കൊച്ചി – 682 008.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, വാട്ടർ വർക്സ് സബ് ഡിവിഷൻ, കരുവേലിപ്പടി, കൊച്ചി–05.
2. അപ്പീൽ അധികാരി & സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, പബ്ലിക് ഹെൽത്ത് സർക്കിൾ, കൊച്ചി–682 011.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 24.6.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.7.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 21.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 2.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 24.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 1.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 12.1.2022, 15.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 2.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

## ഉത്തരവ്

ശ്രീ. പി.ജെ. ആന്റണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 21.10.2021 വരെ യാതൊരു മറുപടിയും കിട്ടാതിരുന്നതിനെ തുടർന്ന് നൽകിയ അപ്പീലിന് 2.11.2021–ന്

ലഭിച്ച മറുപടിയിൽ ഒന്നാം എതിർകക്ഷി 23.7.2021-ന് മറുപടി നൽകിയിട്ടുള്ളതായി പറയുന്നുവെങ്കിലും ആയത് ടിയാന് ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഒന്നാം എതിർകക്ഷിക്കെതിരെ നടപടി സ്വീകരിച്ച് ടിയാനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് അർഹമായ compensation നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ചെല്ലാനം പഞ്ചായത്ത് 10-ാം വാർഡിൽ ഹർജിക്കാരന്റെ അയൽവാസിയായ ശ്രീ. കെ.എസ്. മോഹനൻ കളത്തിൽ വീട് എന്നയാൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളാണ് :

i. ആരുടെ സമ്മതപത്ര പ്രകാരമാണ് ശ്രീ. കെ.എസ്. മോഹനന് വാട്ടർ കണക്ഷൻ നൽകിയിട്ടുള്ളതെന്നും

ii. ടി കൺസെന്റിന്റെ ഒരു ശരി പകർപ്പ് നൽകണമെന്നും

iii. മറ്റേതെങ്കിലും രേഖയിന്മേലാണ് ടിയാന് വാട്ടർ കണക്ഷൻ നൽകിയിട്ടുള്ളതെങ്കിൽ ആയതിന്റെ ഒരു പകർപ്പ് നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 23.7.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി മറുപടി ഹർജിക്കാരന് ലഭ്യമായിട്ടില്ലെന്ന് ആക്ഷേപം ഉന്നയിച്ചുകൊണ്ട് 21.10.2021-ന് അപ്പീൽ അധികാരിയായ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അപ്പീൽ നൽകുകയുണ്ടായി. ടി അപ്പീൽ തീർപ്പാക്കി 2.11.2021-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപേക്ഷയിലെ പിരിവ് 1 മുതൽ 4 വരെ ആയി ചെല്ലാനം 10-ാം വാർഡിൽ ടിയാന്റെ അയൽവാസിയായ ശ്രീ. കെ.എസ്. മോഹനൻ, കളത്തിൽ വീട് എന്ന ഉപഭോക്താവിന് കുടിവെള്ള കണക്ഷൻ നൽകുമ്പോൾ സമർപ്പിച്ച രേഖകൾ എന്തെന്ന് ആരായുകയും അതിന്റെ പകർപ്പുകൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും അതിന് മറുപടിയായി ഇതുമായി ബന്ധപ്പെട്ട ഫയൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് സൂക്ഷിക്കപ്പെടുന്നത് എന്നും എന്നാൽ ആ കാലയളവിലെ ഫയലുകൾ അവിടെ ലഭ്യമല്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതെന്നുമാണ്. എന്നാൽ ഫയൽ ലഭ്യമല്ലാത്തതിന്റെ കാരണം/ സാഹചര്യം വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ 1 മുതൽ 4 വരെയുള്ള നമ്പറിലുള്ള ആവശ്യങ്ങൾക്ക് പൊതു വിവരാവകാശ ഓഫീസർ നൽകിയ മറുപടി ശരിയായ രീതിയിലുള്ളതല്ലെന്ന് വിലയിരുത്തി നഷ്ടപ്പെട്ട രേഖകൾ കണ്ടെത്തി അപേക്ഷകന് നൽകാനുള്ള ഊർജ്ജിത ശ്രമം ഒരിക്കൽ കൂടി ഒന്നാം എതിർകക്ഷി നടത്തണമെന്നും ഇക്കാര്യം പതിനഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം നിർവ്വഹിക്കണമെന്നും രേഖകൾ കണ്ടെത്താനായില്ലെങ്കിൽ അക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. പി.ജെ. ആന്റണിയുടെ 24.6.2021-ലെ അപേക്ഷയുടെ മറുപടി 23.7.2021-ൽ അപേക്ഷകന് തപാൽ വഴി സമർപ്പിച്ചിട്ടുള്ളതാണെന്നും കൂടാതെ 21.10.2021-ൽ അപ്പീൽ അധികാരിക്ക് സമർപ്പിച്ച അപേക്ഷക്കും 26.10.2021-ന് മറുപടി

സമർപ്പിച്ചിട്ടുണ്ടെന്നും 24.6.2021-ലെ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ശ്രീ. കെ.എസ്. മോഹനന് EKK/3599/D എന്ന കൺസ്യൂമർ നമ്പർ പ്രകാരം 8.4.2013-ൽ അസിസ്റ്റന്റ് എഞ്ചിനീയർ WW Section III-യിൽ നിന്നും കണക്ഷൻ ലഭിച്ചിട്ടുള്ളതാണെന്നും ടി ഫയലുകൾ സൂക്ഷിച്ചിരിക്കുന്നത് സെക്ഷൻ ഓഫീസിൽ ആണെന്നും ഓരോ വർഷവും ഏകദേശം 4000ത്തോളം കണക്ഷനുകൾ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ നൽകാറുണ്ടെന്നും ഇത്രയും ഫയലുകൾ സൂക്ഷിക്കാനുള്ള സ്ഥലപരിമിതി മൂലം പഴയ ഫയലുകൾ ആൾ താമസമില്ലാത്ത പഴയ ക്വാർട്ടേഴ്സ് കെട്ടിടത്തിലേയ്ക്ക് 2017-ൽ മാറ്റുകയുണ്ടായി എന്നും എന്നാൽ 2018-ലെ പ്രളയ കാലത്ത് ഓഫീസ് കോമ്പൗണ്ടിൽ വെള്ളം കയറുകയും ക്വാർട്ടേഴ്സിന്റെ ജീർണ്ണാവസ്ഥയും ഈർപ്പമുള്ള അന്തരീക്ഷവും മൂലം ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരുന്ന പഴയ ഫയലുകൾ ഇപ്പോൾ നശിച്ച അവസ്ഥയിലാണ് ഇരിക്കുന്നതെന്നും ആയതിനാലാണ് ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾ നൽകുവാൻ കഴിയാതിരുന്നതെന്നും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വാട്ടർ കണക്ഷൻ നൽകുന്ന എല്ലാ ഫയലുകളുടെയും അനുബന്ധ രേഖകൾ ഒഴികെയുള്ള വിശദാംശങ്ങൾ ഡിജിറ്റലായി e-abacus എന്ന software മുഖാന്തിരം സൂക്ഷിക്കുന്നുണ്ടെന്നും എന്നാൽ അനുബന്ധരേഖകൾ (അപേക്ഷാ ഫോറം, സമ്മതപത്രം, എഗ്രിമെന്റ് മുതലാവയ) ചേർക്കുവാനുള്ള ഓപ്ഷൻ ടി സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ അത്തരം രേഖകൾ ഫയലുകളിൽ മാത്രമാണ് സൂക്ഷിക്കുന്നതെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വാട്ടർ വർക്സ് സബ് ഡിവിഷൻ കരുവേലിപ്പടി പൊതു വിവരാവകാശ ഓഫീസർ മുമ്പാകെ 24.6.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്ന ആക്ഷേപം ഉന്നയിച്ച് കൊണ്ട് ശ്രീ. പി.ജെ. ആന്റണി 21.10.2021 തീയതി സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ടി അപേക്ഷയ്ക്ക് 23.7.2021 തീയതിയിൽ നൽകിയ മറുപടിയുടെ പകർപ്പ് എസ്.പി.ഐ.ഒ ഹാജരാക്കുകയും ചെയ്തിരുന്നു എന്നും എന്നാൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ പകർപ്പ് നൽകുവാൻ സാധിച്ചിട്ടില്ലെന്നു അറിയിച്ചതിനാൽ ആയത് കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുന്നതിനും കണ്ടെത്താനായില്ലെങ്കിൽ ആ വിവരം കാരണം സഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കുന്നതിനും എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 23.7.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ആയത് ടിയാന് ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ടി മറുപടി ഒന്നാം എതിർകക്ഷി രജിസ്റ്റേർഡ് പോസ്റ്റായി ഒരിക്കൽ കൂടി അയച്ചു കൊടുക്കേണ്ടതാണ്. ഒരു അപേക്ഷയിലെ കാര്യം മറ്റൊരു അധികാര സ്ഥാപനവുമായി ബന്ധപ്പെട്ടവയാണെന്ന് കണ്ടാൽ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം ടി അപേക്ഷ എത്രയും പെട്ടെന്ന് (5 ദിവസത്തിനകം) ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചുകൊടുത്ത് വിവരം അപേക്ഷകനെ അറിയിക്കേണ്ടത് എസ്.പി.ഐ.ഒയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ അപ്രകാരം നടപടി സ്വീകരിക്കാതെ ബന്ധപ്പെട്ട ഫയൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് സൂക്ഷിക്കപ്പെടുന്നത് എന്ന മറുപടി കാലതാമസം വരുത്തി

നൽകിയത് വിവരാവകാശ നിയമം 6(3) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ഒന്നാം എതിർകക്ഷി ടിയാന്റെ വിശദീകരണം 20.3.2022നകം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. ശ്രീ. കെ.എസ്. മോഹനന് 8.4.2013 ലാണ് എതിർകക്ഷി വാട്ടർ കണക്ഷൻ നൽകിയിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ 2017-ൽ ആൾ താമസമില്ലാത്ത പഴയ ക്വാർട്ടേഴ്സ് കെട്ടിടത്തിലേക്ക് മാറ്റിയിട്ടുള്ളതായും 2018-ലെ പ്രളയകാലത്ത് വെള്ളം കയറി സൂക്ഷിച്ചിരുന്ന ടി ഫയലുകൾ നശിച്ച അവസ്ഥയിലാണെന്നും ആയതിനാലാണ് പകർപ്പുകൾ നൽകുവാൻ കഴിയാത്തതെന്നുമാണ് ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി വിശദീകരണം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ രണ്ടാം എതിർകക്ഷി ഒരു സീനിയർ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ രണ്ടോ മൂന്നോ പേർ അടങ്ങുന്ന ഒരു ടീം രൂപീകരിച്ച് തിരച്ചിൽ നടത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ കണ്ടെത്തി 15.3.2022 നകം ആവശ്യപ്പെട്ട രേഖകൾ ഹർജിക്കാരന് നൽകണമെന്നും, വെള്ളം കയറി നശിച്ചുകൊണ്ടിരിക്കുന്ന ഫയലുകൾ തിട്ടപ്പെടുത്തി സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടി ഒരു മാസത്തിനകം സ്വീകരിക്കണമെന്നും നടപടി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 3-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

(STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM)

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

(signature)

കമ്മീഷൻ സെക്രട്ടറി

bnk